# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2162 - 26.03.2013-ലെ മറുപടിക്ക്**

## കേരളത്തിന്റെ പൊതു കടം

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തിന്റെ പൊതുകടം 2013 മാർച്ച് 1 - ന് എത്രയെന്ന് വിശദമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31.01.2013 വരെ സംസ്ഥാനത്തിന്റെ പൊതുകടം (കടബാധ്യത) 96430.10 കോടി രൂപയാണ്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര രൂപ പൊതുകടം എന്ന നിലയിൽ ഉണ്ടായിട്ടുണ്ട്; ഇത് ഏതെല്ലാം മേഖലയിലാണ് വന്നുചേർന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;<br>(സി) ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് വായ്പ എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരമേറ്റ ശേഷം 17756.86 കോടി രൂപയുടെ അധിക കടബാധ്യത ഉണ്ടായിട്ടുണ്ട്. ആഭ്യന്തര കടമായി 13017.17 കോടി രൂപയും കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പ യായി 209.19 കോടി രൂപയും, ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് എന്നിവയിൽ നിന്നുള്ള ബാദ്ധ്യതയായി 4530.5 കോടി രൂപയുമാണ് വായ്പയായി സമാഹരിച്ചിട്ടുള്ളത്. |
| (ഡി) സർക്കാർ കടപ്പത്രം വഴി തുക സമാഹരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ? | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കടപ്പത്രം വഴി 31.01.2013 വരെ 19230 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**